# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം: ആവഡ-ജീവനകാര്യം-ഡോ.രാജിക റാണി.എം.എൻ, ജൂനിയർ കൺസൾട്ടന്റ്(അനസ്തേഷ്യ), സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1)OA(EKM)No.1302/2024ന്മേലുള്ള ബഹു.ട്രൈബ്യൂണലിന്റെ 22/10/2024 ലെ ഉത്തരവ്

2)G.O(Rt)No.3132/2024 H&FWD, dtd:23/12/2024

ഉത്തരവ് നം :ഇബി-2/24062/2024/ആവഡ തിയതി : 04-01-2025

കാസർഗോഡ് ജനറൽ ആശുപത്രിയിലെ അനസ്തേഷ്യവിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.രാജിക റാണി.എം.എൻ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത **OA(EKM)No.1302/2024** യിൽ ബഹു.ട്രിബ്യൂണലിന്റെ പരാമർശം **1** ലെ ഉത്തരവിന്മേൽ തിരുവനന്തപുരം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ തസ്തികയിലേക്ക് സ്ഥലംമാറ്റം നൽകുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി കൊണ്ട് പരാമർശം **2** പ്രകാരം സർക്കാർ അനുപാലന ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ആയതിനാൽ ഡോ.രാജിക റാണി.എം.എനെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ നിലവിലെ ഒഴിവിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗികആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 04-01-2025 08:34:01

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ.രാജിക റാണി.എം.എൻ,

ജൂനിയർ കൺസൾട്ടന്റ്(അനസ്തേഷ്യ),

പകർപ്പ് : 1.ജില്ലാ മെഡിക്കൽ ഓഫീസർ (ആ)

തിരുവനന്തപുരം/കാസർഗോഡ്

2.അക്കൗണ്ടന്റ് ജനറലുടെ കാര്യാലയം, തിരുവനന്തപുരം

3.സൂപ്രണ്ട്, ജില്ലാ ആശുപത്രി നെടുമങ്ങാട്,ജനറൽ ആശുപത്രി കാസർഗോഡ്

4.ഫയൽ/സ്റ്റോക്ക് ഫയൽ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം -ഡോ.രജികാ റാണി.എം.എൻ., ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No. 1302/2024-മേലുള്ള 22.10.2024-ലെ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3132/2024/H&FWD തീയതി,തിരുവനന്തപുരം, 23-12-2024

---

പരാമർശം:-

1. ഡോ.രജികാ റാണി.എം.എൻ. ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർ പ്പിച്ച 28.08.2024 തീയതിയായ അപ്പീൽ അപേക്ഷ (Annexure A7).
2. OA (EKM) No. 1302/2024-മേലുള്ള ബഹു:ട്രിബ്യൂണലിന്റെ 22.10.2024-ലെ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.12.2024-ലെ ഇബി 2-24062/2024/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിൽ അനസ്തീഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റായി ജോലി നോക്കി വരുന്ന ഡോ.രജികാ റാണി.എം.എൻ. 2024 പൊതുസ്ഥലംമാറ്റത്തിൽ ടിയാളെ കാസർഗോഡ് ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ബഹു:ട്രിബ്യൂണൽ മുമ്പാകെ OA (EKM) No. 1302/2024 ഫയൽ ചെയ്യുകയും, ടി വിഷയത്തിൽ 22.10.2024 തീയതിയായി ബഹു:ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷക സമർപ്പിച്ച പരാമർശം (1) അപ്പീൽ അപേക്ഷ 1-ാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറി പരിശോധിച്ച്, ആവശ്യമാണെങ്കിൽ അപേക്ഷകയെ നേരിൽ കേട്ടതിനു ശേഷം ട്രിബ്യൂണലിന്റെ ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥ 20.11.2024-ന് അപേക്ഷകയെ ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിൽ

കേൾക്കുകയുണ്ടായി.

2) Annexure A7 അപ്പീൽ അപേക്ഷയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ആരോഗ്യ വകുപ്പിൽ ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) ആയി ജോലി നോക്കി വരുന്നു. കൊല്ലം വിക്ടോറിയ ആശുപത്രിയിൽ ജോലി ചെയ്തു വരവേ 2024 പൊതുസ്ഥലംമാറ്റത്തിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ടു. 16.05.2022-ലാണ് കൊല്ലം വിക്ടോറിയ ആശുപത്രിയിൽ സേവനത്തിൽ പ്രവേശിച്ചത്. ടി സ്ഥാപനത്തിൽ 3 വർഷക്കാലയളവ് പൂർത്തിയാക്കുന്നതിനു മുൻപ് തന്നെ, പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാതെ സ്ഥലംമാറ്റപ്പെടുകയായിരുന്നു. കരട് സ്ഥലംമാറ്റ പട്ടികയിൽ പേര് ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ അന്തിമ സ്ഥലംമാറ്റ പട്ടികയിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി. ടി സ്ഥലംമാറ്റ ഉത്തരവിനെതിരെ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ, കൊല്ലം വിക്ടോറിയ ആശുപത്രിയിൽ ഒരു വർഷംകൂടി തുടർന്നു ജോലി നോക്കുന്നതിനോ, അതിനു സാധിച്ചില്ല എങ്കിൽ സ്വദേശമായ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുകയോ ചെയ്യണം എന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ ടി അപ്പീൽ പരിഗണിക്കപ്പെട്ടില്ല. പല ജൂനിയർ ഡോക്ടർമാർക്കും അവരുടെ അപ്പീൽ അപേക്ഷകൾ പരിഗണിച്ച് ജോലി നോക്കിയിരുന്ന സ്ഥാപനങ്ങളിൽ തുടരുവാൻ അനുവദിക്കുകയോ അല്ലെങ്കിൽ ഓപ്ഷൻ പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിയമനം നൽകുകയോ ചെയ്തിട്ടുണ്ട്. 11.02.2013-ൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം സ്വദേശമായ തിരുവനന്തപുരം ജില്ലയിൽ ജോലി നോക്കുവാൻ സാധിച്ചിട്ടില്ല. ആരോഗ്യപരമായ നിരവധി പ്രശ്നങ്ങൾ ഉണ്ട്. വൃദ്ധയായ മാതാവ് ക്യാൻസർ രോഗിയും, മെഡിക്കൽ ഓഫീസറെ ആശ്രയിച്ച് കഴിയുന്ന ആളുമാണ്. നിലവിലെ സ്ഥലംമാറ്റം ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതും, കുടുംബാംഗങ്ങളെയും സാരമായി ബാധിക്കുന്നതാണ്. ആയതിനാൽ കൊല്ലം വിക്ടോറിയ ആശുപത്രിയിൽ തുടരാൻ അനുവദിക്കുകയോ, തിരുവനന്തപുരം ജില്ലയിൽ സ്ഥലംമാറ്റം അനുവദിക്കുകയോ ചെയ്യണം.

3) അപേക്ഷകയെ നേരിൽ കേൾക്കുന്ന വേളയിൽ ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹാജരായിരുന്നു. മെഡിക്കൽ ഓഫീസറുടെ ഭാഗം കേട്ടതു പ്രകാരം ടിയാളെ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുന്നതിന് ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) തസ്തികയിലെ തിരുവനന്തപുരം ജില്ലയിലെ ഒഴിവ് സംബന്ധിച്ച വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിന് ടി ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ

പരമാർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) തസ്തികയിൽ ഒഴിവ് നിലവിലുണ്ടെന്ന് അറിയിച്ചിരുന്നു.

4) സർക്കാർ ഈ വിഷയം പരിശോധിച്ചു. 11.02.2013-ൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം സ്വദേശമായ തിരുവനന്തപുരം ജില്ലയിൽ ജോലി നോക്കുവാൻ സാധിച്ചിട്ടില്ല എന്നുള്ള മെഡിക്കൽ ഓഫീസറുടെ മൊഴി കണക്കിലെടുത്തും, ടിയാളുടെ നിലവിലെ സ്ഥലംമാറ്റം ആവശ്യപ്പെടാതെയുള്ള സ്ഥലംമാറ്റം ആയതിനാലും, അനസ്തീഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.രജികാ റാണി.എം.എൻ.-ന് തിരുവനന്തപുരം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5) OA (EKM) No. 1302/2024-മേലുള്ള ബഹു:ട്രിബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/കാസർഗോഡ്.
ഡോ.രജീകാ റാണി.എം.എൻ., ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) - TC-29/369, തേങ്ങാപുറ ലെയ്ൻ, പേട്ട, തിരുവനന്തപുരം - 695 024.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 23-12-2024 14:43:29

<u>മേലെഴുത്ത് നം.ഇബി2-24062/2024, ആവഡ, തിയതി:28/12/2024</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി

വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 04-01-2025 08:33:07

ആരോഗ്യവകുപ്പ് ഡയറക്ടർ